## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 478** **24-08-2022 - ൽ മറുപടിയ്ക്ക്**

## തലശ്ശേരി ഹെറിട്ടേജ് പ്രോജക്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഴിക്കോട് മണ്ഡലത്തിലെ തലശ്ശേരി ഹെറിട്ടേജ് പ്രോജക്ടിന്റെ ഭാഗമായി കിഫ്ബി നടപ്പിലാക്കുന്ന കാക്കുളങ്ങരപ്പള്ളിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | തലശ്ശേരി ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന അഴീക്കോട് മണ്ഡലത്തിലെ കാക്കുളങ്ങര പള്ളിയുടെ നിർമ്മാണ പ്രവൃത്തിയ്ക്കായി നിർദ്ദിഷ്ട പദ്ധതി നിർവ്വഹണ ഏജൻസിയായ KIIDC ടി പ്രവൃത്തി പല തവണ ടെൻഡർ ചെയ്യുകയും, റീ ടെണ്ടർ ചെയ്ത ശേഷം ലഭ്യമായ ടെണ്ടർ തുക (Rs 92,19,050.22) എസ്റ്റിമേറ്റ് തുകയേക്കാൾ (₹77,55,468) 18.87% കൂടുതൽ ആയതിനാൽ നിരക്ക് കുറയ്ക്കാൻ കരാറുകാരനോട് ആവശ്യപ്പെടുകയും അപ്രകാരം കാരാറുകാരൻ തുക 90,63,248.27/- രൂപ ആയി കുറക്കുകയും ചെയ്തിരുന്നു. ടി തുക എസ്റ്റിമേറ്റ് തുകയെക്കാളും 16.86% മുകളിലായതിനാൽ ഈ തുകയ്ക്ക് കരാറുകാരന് പ്രവർത്തി അവാർഡ് ചെയ്യാൻ അനുവദിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് എസ്.പി.വി, ടൂറിസം ഡയറക്ടർക്കു അപേക്ഷ സമർപ്പിക്കുകയും ഇതിൻപ്രകാരം, കാക്കുളങ്ങരപള്ളിയുടെ ടെൻഡർ അധിക തുകയുടെ അംഗീകാരത്തിനായി ടൂറിസം ഡയറക്ടറുടെ ചേമ്പറിൽ വച്ച് 30.08.2022ൽ ഒരു ടെൻഡർ അക്സെപ്റ്റൻസ് കമ്മിറ്റി കൂടുകയും ടി കമ്മിറ്റിയുടെ തീരുമാനപ്രകാരം കക്കുളങ്ങര പ്രവൃത്തിക്ക് ഏറ്റവും കുറഞ്ഞ തുകയായ 90,63,248.27 രൂപ ശിപാർശ ചെയ്യാൻ ടെൻഡർ അക്സെപ്റ്റൻസ് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന് എസ്. പി. വി. ആയ KIIDC അറിയിച്ചിട്ടുണ്ട്.<br>ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിനായി സർക്കാർ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും KIIDC അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | തലശ്ശേരി ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന അഴീക്കോട് മണ്ഡലത്തിലെ കാക്കുളങ്ങര പള്ളിയുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവൃത്തിയ്ക്കായി നിർദ്ദിഷ്ട പദ്ധതി നിർവ്വഹണ ഏജൻസിയായ KIIDC ടി പ്രവൃത്തി പല തവണ ടെൻഡർ ചെയ്യുകയും, റീ ടെണ്ടർ ചെയ്ത ശേഷം ലഭ്യമായ ടെണ്ടർ തുക (Rs 92,19,050.22) എസ്റ്റിമേറ്റ് തുകയേക്കാൾ (₹77,55,468) 18.87% കൂടുതൽ ആയതിനാൽ നിരക്ക് കുറയ്ക്കാൻ കരാറുകാരനോട് ആവശ്യപ്പെടുകയും അപ്രകാരം കാരാറുകാരൻ തുക 90,63,248.27/- രൂപ ആയി കുറക്കുകയും ചെയ്തിരുന്നു. ടി തുക എസ്റ്റിമേറ്റ് തുകയെക്കാളും 16.86% മുകളിലായതിനാൽ ഈ തുകയ്ക്ക് കരാറുകാരന് പ്രവർത്തി അവാർഡ് ചെയ്യാൻ അനുവദിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് എസ്.പി.വി, ടൂറിസം ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ഇതിൻപ്രകാരം, കാക്കുളങ്ങരപള്ളിയുടെ ടെൻഡർ അധിക തുകയുടെ അംഗീകാരത്തിനായി ടൂറിസം ഡയറക്ടറുടെ ചേമ്പറിൽ വച്ച 30.08.2022ൽ ഒരു ടെൻഡർ അക്സെപ്റ്റൻസ് കമ്മിറ്റി കൂടുകയും ടി കമ്മിറ്റിയുടെ തീരുമാനപ്രകാരം കക്കുളങ്ങര പ്രവൃത്തിക്ക് ഏറ്റവും കുറഞ്ഞ തുകയായ 90,63,248.27 രൂപ ശിപാർശ ചെയ്യാൻ ടെൻഡർ അക്സെപ്റ്റൻസ് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന് എസ്. പി. വി. ആയ KIIDC അറിയിച്ചിട്ടുണ്ട്.<br>ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നതിനായി സർക്കാർ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും KIIDC അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭയിലെ ആറാം സമ്മേളനം - ബഹു. എം.എൽ.എ ശ്രീ. കെ.വി.സുമേഷ് സഭയിൽ ഉന്നയിച്ചതും, ശ്രീ. കെ.എൻ. ബാലഗോപാൽ ധനകാര്യ വകുപ്പുമന്ത്രി 24.08.2022 ൽ മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 478 തലശ്ശേരി ഹെറിട്ടേജ് പ്രോജക്റ്റ് എന്ന ചോദ്യത്തിന് മറുപടി നൽകുന്നതിലുണ്ടായ കാലതാമസം വിശദമാക്കുന്ന പത്രിക.**

***(എ)*** അഴിക്കോട് മണ്ഡലത്തിലെ തലശ്ശേരി ഹെറിട്ടേജ് പ്രോജക്റ്റിന്റെ ഭാഗമായി കിഫ്ബി നടപ്പിലാക്കുന്ന കാക്കുളങ്ങരപ്പള്ളിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ***(ബി)*** പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? ടി ചോദ്യത്തിന് മറുപടി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം അല്ലാതെ ഇക്കാര്യത്തിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല എന്ന് വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു.

Reji John

**ജോയിന്റ് സെക്രട്ടറി**